പ്രസിദ്ധീകരണത്തിന്

സാമ്പിൾ സർവേ സംബന്ധിച്ച് എൻ.എസ്.എസ്. ഉയർത്തിയ രണ്ട് വാദമുഖങ്ങളും ഹൈക്കോടതി അംഗീകരിച്ചു. ഭരണഘടന വിഭാവനം ചെയ്യുന്ന മുന്നാക്കത്തിലെ പിന്നാക്കവിഭാഗത്തിന് നല്കുന്ന സംവരണത്തെ പ്രസ്തുത സാമ്പിൾ സർവേ ബാധിക്കരുതെന്നും, ജസ്റ്റീസ് രാമകൃഷ്ണപിള്ള കമ്മീഷൻ പറഞ്ഞിരിക്കുന്നതുപോലെ ആകെ ജനസംഖ്യയുടെയും സമഗ്ര സാമൂഹിക-സാമ്പത്തിക-സാമുദായികസർവേയ്ക്കോ ഓരോ സമുദായത്തിന്റെയും കണക്കെടുപ്പിനോ പകരം ആയിരിക്കരുത് ഈ സാമ്പിൾ സർവേ എന്നും കോടതി നിർദ്ദേശിച്ചു.

സാമ്പിൾ സർവേയെക്കുറിച്ച് എൻ.എസ്.എസ്സിന്റെ ഭയാശങ്കകൾ പൂർണ്ണമായും അകറ്റുന്ന ഉത്തരവാണ് ഇന്ന് കോടതി നല്കിയിട്ടുള്ളത്.

എന്തു വിവരശേഖരണത്തിനാണ് സാമ്പിൾ സർവേ നടത്തുന്നത് എന്നുള്ള എൻ.എസ്.എസ്സിന്റെ ചോദ്യത്തിന് സർക്കാരിനോ കമ്മീഷനോ ഉത്തരം ഇല്ലാത്ത സാഹചര്യത്തിലാണ് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്.

പെരുന്ന
13.12.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി